പൊതുമേഖലാ സ്ഥാപനങ്ങളിലെ താൽക്കാലിക ജോലിക്കാർ

66 (2644) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. ജോസ് ബേബി :
പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡ്, ട്രാൻസ്പോർട്ട്, സപ്ലൈകോ, കെ.ടി.ഡി.സി., ഹോർട്ടികോർപ്പ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്ര കരാർ, താൽക്കാലിക, ദിവസക്കൂലി തൊഴിലാളികളെ നിയമിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇത്തരം തൊഴിലാളികളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമാണോ ഏജൻസി വഴിയാണോ നിയമിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇവർക്ക് തൊഴിൽ നിയമങ്ങളനുസരിച്ചുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ തൊഴിൽ വകുപ്പ് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 1970-ലെ കോൺട്രാക്ട് ലേബർ (റഗുലേഷനും അബോളിഷനും) ആക്ട് പ്രകാരം വൈദ്യുതി ബോർഡിന്റെ സെക്രട്ടറി പ്രിൻസിപ്പൽ എംപ്ലോയറായി നൽകിയിട്ടുള്ള സംസ്ഥാനതല രജിസ്ട്രേഷൻ പ്രകാരം 500-ന് മേൽ കരാർ തൊഴിലാളികളെക്കൊണ്ട് ജോലിയെടുപ്പിക്കുന്നതിന് ബോർഡിന് അനുവാദം ഉണ്ട്. ട്രാൻസ്പോർട്ട്, സപ്ലൈകോ, കെ.ടി.ഡി.സി.,ഹോർട്ടികോർപ്പ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിൽ കരാർ തൊഴിലാളികളെ പണിയെടുപ്പിക്കുന്നതിനായുള്ള രജിസ്ട്രേഷനും ലൈസൻസും തൊഴിൽ വകുപ്പിൽ നിന്നും എടുത്തിട്ടുള്ളതായി കാണുന്നില്ല. ആയതിനാൽ ഈ സ്ഥാപനങ്ങളിലെ താൽക്കാലിക ദിവസക്കൂലി തൊഴിലാളികളെക്കുറിച്ചുള്ള വിവരങ്ങളൊന്നും തൊഴിൽ വകുപ്പിൽ ലഭ്യമല്ല.

(ബി) ഇത്തരം തൊഴിലാളികളെ എങ്ങനെ നിയമിക്കണമെന്നത് തൊഴിലുടമയുടെ അധികാരത്തിൽ പെടുന്ന കാര്യമാണ്. ആയതിനാൽ ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭ്യമല്ല.

(സി) 1970-ലെ കോൺട്രാക്ട് ലേബർ (റെഗുലേഷനും അബോളിഷനും) നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടോ എന്ന് പരാതികൾ ലഭിച്ചശേഷമുള്ള പരിശോധനയിലൂടെ ഉറപ്പുവരുത്തുന്നതിനായി തൊഴിൽ വകുപ്പിന്റെ അസിസ്റ്റന്റ് ലേബർ ആഫീസർമാരും ജില്ലാ ലേബർ ആഫീസർ (എൻഫോഴ്സുമെന്റ്) ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥന്മാരെ ഇൻസ്പെക്ടർമാരായി നിയമിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഇൻസ്പെക്ടർമാർ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly